## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4596** — **04.02.2014 ൽ മറുപടിക്ക്**

### വിലക്കയറ്റവും കമ്പോളത്തിലെ ഇടപെടലും

| ചോദ്യം<br>ശ്രീ. എം. ഹംസ: | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വർദ്ധിച്ച തോതിലുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) വിലക്കയറ്റം തടയുന്നതിനായി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വിശദീകരിക്കുമോ; | (ബി) വിപണിയിലുണ്ടാകുന്ന വിലക്കയറ്റം ജനജീവിതം ദു:സഹമാക്കുന്നത് തടയുന്നതിനായി പൊതുവിതരണ ശൃംഖല വഴി കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നു. ബി.പി.എൽ. കാർഡുടമകൾക്ക് പ്രതിമാസം 25 കി.ഗ്രാം അരി ഒരു രൂപാ നിരക്കിലും 5 കി.ഗ്രാം ഗോതമ്പ് 2 രൂപാ നിരക്കിലും ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര കിലോഗ്രാമിന് 13.50 രൂപാ നിരക്കിലും നൽകുന്നു. എ.പി.എൽ. കാർഡുടമകൾക്ക് 10 കിലോഗ്രാം അരി കിലോഗ്രാമിന് 8.90 രൂപാ നിരക്കിലും കാർഡൊന്നിന് 2 കിലോ ഗ്രാം ആട്ട 12 രൂപാ നിരക്കിലും നൽകുന്നു. എ.പി.എൽ. വിഭാഗത്തിൽപെട്ട രണ്ട് രൂപാ നിരക്കിലുള്ള ഭക്ഷ്യ ധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കിലോഗ്രാം അരി 2 രൂപാ നിരക്കിൽ നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നു. വിലക്കയറ്റം തടയുന്നതിനായി വിപണിയിൽ ഇടപെടുന്നതിനായി 2013-14 സാമ്പത്തിക വർഷം 116,02,10,000/- രൂപ അനുവദിച്ചു. കൂടാതെ പൊതുവിപണികളിൽ കർശന പരിശോധനകളും റെയ്ഡും നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br>കൂടാതെ വില വർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് |

ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ താഴെപ്പറയുന്ന നടപടികൾ ഫലപ്രദമായി നടപ്പാക്കിവരുന്നു.

**1.** നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനു വിലനിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം ആവശ്യ സാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പന ശാലകൾ വഴി വിറ്റുവരുന്നു.

| ക്രമ നമ്പർ | ഇനം | 2013 ലെ വില കി.ഗ്രാമിന് |
|---|---|---|
| 1 | ചെറുപയർ | 55.00 |
| 2 | ഉഴുന്ന്(ഹോൾ) | 42.00 |
| 3 | വൻകടല | 45.00 |
| 4 | വൻപയർ | 35.00 |
| 5 | തുവരപ്പരിപ്പ് | 45.00 |
| 6 | മുളക് | 55.00 |
| 7 | മല്ലി | 60.00 |
| 8 | പഞ്ചസാര | 26.00 |
| 9 | ജയ അരി | 21.00 |
| 10 | കുറുവ അരി | 21.00 |
| 11 | മട്ട അരി | 21.00 |
| 12 | പച്ചരി സോർട്ടക്സ് | 21.00 |
| 13 | വെളിച്ചെണ്ണ | 62.00 |

**2.** പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, പച്ചരി, ജയ അരി, കുറുവ അരി) എന്നിവ കി.ഗ്രാമിന് 21 രൂപാ നിരക്കിൽ പ്രതിമാസം കാർഡ് ഒന്നിന് 10 കി.ഗ്രാം വരെ വിതരണം ചെയ്തുവരുന്നു.

**3.** കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി / തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി '13' സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

**4.** യഥാർത്ഥ ഉപഭോക്താവിന് തന്നെ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

**5.** ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

**6.** അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ മാർക്കറ്റ് വിലയേക്കാളും

ശരാശരി 10 ശതമാനം വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ വൻകിട കുത്തക കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

**7.** പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോയുടെ ഉൽപ്പന്നങ്ങളായ തേയില, കാപ്പി, കറിപൗഡറുകൾ. കായം, വാളൻപുളി. ഏലം എന്നിവ 'ശബരി'' എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

**8.** ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു.

**9.** പൊതു വിപണിയേക്കാൾ ഏകദേശം 50% ൽ അധികം വില കുറച്ച് കിലോ ഗ്രാമിന് 62 രൂപാ നിരക്കിൽ പ്രതിമാസം കാർഡ് ഒന്നിന് 1 കിലോ ഗ്രാം വീതം, വെളിച്ചെണ്ണയും നൽകി വരുന്നു.

**10.** സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ട മാവേലി സ്റ്റോറുകൾ ഇല്ലാത്ത 63 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടി പുരോഗമിച്ചുവരുന്നു.

**11.** കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുവാൻ സൗകര്യമുള്ള സൂപ്പർമാർക്കറ്റുകളായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**12.** ഈ സാമ്പത്തിക വർഷം തീരദേശ, മലയോര പ്രദേശങ്ങളിൽ അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുവാൻ കേന്ദ്ര സഹായത്തോടുകൂടി 10 പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൂടി തുടങ്ങുന്നതാണ്.

**13.** ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും QC കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമേ വിൽപ്പനയ്ക്ക് വയ്ക്കുകയുള്ളു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് കൂടുതൽ സ്റ്റോക്ക് എത്തിച്ച് വില വർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്. മേൽ വിവരിച്ച നടപടികൾ പൊതു വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിന് വളരെ സഹായകമാണ്.

| | | | |
|---|---|---|---|
| (സി) | വർദ്ധിച്ച തോതിലുള്ള വിലക്കയറ്റം ജനജീവിതം ദുസ്സഹമാക്കിയ സാഹചര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | എസ്സൻഷ്യൽ കമോഡിറ്റീസിന്റെ വരെ വില നിയന്ത്രി ക്കുന്നതിൽ സർക്കാരിന് പരാജയ മാണെന്നകാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ഇല്ല |

Beena

സെക്ഷൻ ഓഫീസർ

ഴ